ന്നതിനും രോഗികൾക്ക് ആവശ്യമായ പരിചരണം ലഭിക്കുന്നതിനും വേണ്ടി ഇന്നത്തെ ആവശ്യം പരിഗണിച്ചുകൊണ്ട് നഴ്സുമാരേയും ടെക്നിക്കൽ ജീവനക്കാരേയും നിയമിക്കുന്നതിന്. അടിയന്തിരമായി നടപടി കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അനുവദിക്കപ്പെട്ട കിടക്കകളെക്കാൾ കൂടുതൽ രോഗികൾ അവിടെവരുന്നു. ആ രോഗികൾക്ക് ആവശ്യമായ പരിരക്ഷണം നൽകാൻ അനുവദിക്കപ്പെട്ട കിടക്കകളുടെ അനുപാതത്തിൽ നഴ്സുമാരുടെ തസ്തിക നികത്തിയാലും പോരാതെ വരുന്നു. ഇത് പരിഹരിക്കാൻ വളരെ എളുപ്പമല്ല. കാരണം ഇതിന് ഒരു അനുപാതം ഇപ്പോൾത്തന്നെ നിലവിലുണ്ട്. പക്ഷെ അത് പഴയതായതുകൊണ്ട് അത് പുനഃസംവിധാനം ചെയ്യാനും അതിനുവേണ്ടി പഠിക്കാനും റിപ്പോർട്ട് ചെയ്യാനും ഒരാളെ ഏൽപ്പിച്ചിട്ടുണ്ട്. അതേസമയം ഈ തവണ കോഴിക്കോട് മെഡിക്കൽ കോളേജിൽ 1999 മാർച്ച് 31-ലെ ഉത്തരവു പ്രകാരം പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അത് സ്പെഷ്യാലിറ്റിക്കുവേണ്ടിയുള്ളതുകൂടിയാണ്. മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം രോഗികളുടെ എണ്ണം അനുസരിച്ച് നഴ്സുമാരുടെ തസ്തിക എന്നത് ഈ സംസ്ഥാനത്ത് ഇന്ന എവിടേയും നിലവിലില്ല. അത് പരിശോധിക്കേണ്ട സമയമായിരിക്കുന്നു. കാരണം രോഗികൾ കൂടുതൽ വരുന്നത് ഗവൺമെന്റ് ആശുപത്രികളിൽ തന്നെയാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. ധനലഭ്യതയാണ് ഇതിനു പ്രധാന ഘടകം. ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിക്ക് പണം ഉണ്ട്. അവർക്ക് ഇതിന്റെ അനുപാതം ഇപ്പോൾ കോൺട്രാക്ട് ബെയ്സിസിൽ കൊടുത്തിട്ടുണ്ട്. ഇവിടത്തെ മെഡിക്കൽ കോളേജ് ആശുപത്രിയിലൊക്കെ അങ്ങനെ ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും ഇങ്ങനെ ചെയ്താൽ ഈ പ്രശ്നത്തിന്റെ രൂക്ഷത പരിഹരിക്കാൻ കഴിയും. ബാക്കി കാര്യങ്ങൾ ഗവൺമെന്റിന്റെ ധനലഭ്യതയനുസരിച്ച് പരിശോധിക്കുകയും ചെയ്യാം.

(11) 1988-നുമുമ്പ് സർവ്വീസിൽനിന്നും പിരിഞ്ഞ കശുവണ്ടിത്തൊഴിലാളികൾക്ക് പെൻഷൻ നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. എഴുകോൺ നാരായണൻ : സർ, 1988-നു മുമ്പ് സർവ്വീസിൽനിന്നും വിരമിച്ച 8000-ത്തിലധികം കശുവണ്ടിത്തൊഴിലാളികൾക്കും അതുപോലെതന്നെ 1999-ൽ പെൻഷൻ അനുവദിച്ച ഈ വിഭാഗത്തിൽപ്പെട്ട 3000 തൊഴിലാളികൾക്കുമുൾപ്പെടെ 17,000 പേർക്ക് ഒരു വർഷക്കാലത്തെ കശുവണ്ടിത്തൊഴിലാളിക്ഷേമനിധി കുടിശ്ശിക കൊടുക്കാനുണ്ട്. 1988-നുമുമ്പ് സർവ്വീസിൽനിന്നും വിരമിച്ച തൊഴിലാളികളിൽ 5,000-ത്തിലധികം പേർക്ക് യഥാസമയം അപേക്ഷപോലും സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ അപേക്ഷ സ്വീകരിക്കൽ നിർത്തിവച്ചിരിക്കുകയാണ്. കേരള കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. അംശദായം ഉൾപ്പെടെ നാലര കോടിയോളം രൂപ ഇപ്പോൾ ഗവൺമെന്റ് ബോർഡിനു നൽകാനുണ്ട്. ഈ സാമ്പത്തികവർഷവും ബോർഡിനായി നീക്കിവച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. രണ്ടു കോടി രൂപയെങ്കിലും അടിയന്തിരമായി അനുവദിച്ചാൽ മാത്രമേ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ കുടിശ്ശിക സഹിതം നൽകാൻ കഴിയൂ. ഒരു ജീവിതകാലം മുഴുവൻ കശുവണ്ടി ഫ്ക്ടറിയിൽ പണിയെടുത്ത് നിത്യരോഗികളായി മാറിയിട്ടുള്ളവരും 1988-നുമുമ്പ് സർവ്വീസിൽ നിന്നും വിര

LIBRARY ARCHIVES Kerala Legislative Assembly

മിച്ചവരുമായ മുഴുവൻ പേർക്കും പെൻഷൻ നൽകുന്നതിനും പെൻഷൻ കൊടുത്തു തുടങ്ങിയവർക്കുള്ള ഒരു വർഷക്കാലത്തെ കുടിശ്ശിക ഉടൻതന്നെ നൽകുന്നതിനും അടിയന്തിരമായ നടപടി ഉണ്ടാകണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമപദ്ധതി നിലവിൽ വരുന്നതിനുമുമ്പ് കശുവണ്ടി ഫാക്ടറികളിൽ നിന്നും റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് കൂടി പെൻഷൻ ബാധകമാകും വിധമാണ് ക്ഷേമനിധി പദ്ധതി 1997-ൽ ഭേദഗതി ചെയ്തത്. ഇതിനാവശ്യമായ മുഴുവൻ തുകയും സർക്കാർ നൽകേണ്ടതുണ്ട്. പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ അർഹരായ ഏകദേശം മൂവായിരത്തോളം തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് 18.1.1998-ൽ 49.5 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. നാളിതുവരെ 1997 ഡിസംബർ മുതൽ 1998 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം ഇതിന് ലഭിച്ച വ്യാപകമായ പ്രചാരണംമൂലം അപേക്ഷകരുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇപ്പോൾതന്നെ ഈ പദ്ധതി പ്രകാരം തൊഴിലാളി വിഭാഗത്തിലുള്ള 8,280 പേർക്കും 125/- രൂപ നിരക്കിലും സ്റ്റാഫ് വിഭാഗത്തിലുള്ള 463 പേർക്ക് 200 രൂപ നിരക്കിലും പെൻഷൻ നൽകി വരുന്നുണ്ട്. ഇതു കൂടാതെ തൊഴിലാളി വിഭാഗത്തിലുള്ള 2,914 പേർക്കും സ്റ്റാഫ് വിഭാഗത്തിലുള്ള 200 പേർക്കും പുതിയതായി പെൻഷൻ അനുവദിക്കേണ്ടതുണ്ട്. ഈ ഇനത്തിൽ 8/98 മുതൽ 3/99 വരെ പെൻഷൻ വിതരണത്തിനാവശ്യമായ 1.98 കോടി രൂപയും 4/99 മുതൽ 2/2000 വരെ ആവശ്യമായ 1.69 കോടി രൂപയും കൂടി ചേർത്ത് ആകെ 3.67 കോടി രൂപ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അത് കിട്ടുന്ന മറുയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(12) വണ്ടൂർ നിയോജകമണ്ഡലത്തിൽ ശുദ്ധജലം എത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. കണ്ണൻ : സർ, വണ്ടൂർ നിയോജകമണ്ഡലത്തിലെ ഇപ്പോൾ നിലവിലുള്ള ഒരു വാട്ടർ സപ്ലൈ സ്കീമാണ് വണ്ടൂർ വാട്ടർസപ്ലൈ സ്കീം. അതിന്റെ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം എന്നുപറഞ്ഞ് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുകയാണ്. 18 ലക്ഷം രൂപയാണ് അതിന്റെ ചെലവ്. അതിന്റെ പ്രവർത്തി അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. അതുപോലെതന്നെ കഴിഞ്ഞ 4 കൊല്ലങ്ങൾക്കുമുമ്പ് മലപ്പുറം ജില്ലയിലെ 4 നിയോജകമണ്ഡലങ്ങളിൽ നെതർലെന്റ് ഗവൺമെന്റിന്റെ സ്കീം പ്രകാരം എല്ലാ പഞ്ചായത്തുകളിലും കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഏർപ്പെടുത്തി സർവ്വേ നടത്തിയതാണ്. വണ്ടൂർ നിയോജകമണ്ഡലത്തിലും സർവ്വേ നടത്തി. പക്ഷെ അതിന്റെ ഇന്നത്തെ അവസ്ഥ എന്താണ് എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായി അറിയില്ല. അങ്ങനെ ഈ സർവ്വേയിൽ ഉൾപ്പെടുന്ന സ്ഥലത്ത് അടിയന്തിരമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം. അതോടൊപ്പം എടവണ്ണ ഗ്രാമ പഞ്ചായത്തിലെ മുണ്ടേങ്ങര വാട്ടർ സപ്ലൈ സ്കീമിന്റെ പേപ്പറുകൾ ഇപ്പോഴും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അടുത്താണ്. പല പ്രാവശ്യം ഇത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ

LIBRARY ARCHIVES Kerala Legislative Assembly